LIBRARY ARCHIVES Kerala Legislative Assembly

കേസ്സുകളിന്മേലുള്ള അന്വേഷണം

318 (296) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിയുടെ പേരിലും മറ്റ് കുറ്റകൃത്യങ്ങളുടെ പേരിലും വിജിലൻസ് കേസിൽപെട്ടിട്ടുള്ള എത്ര മന്ത്രിമാർ ഈ മന്ത്രിസഭയിൽ ഉണ്ടെന്നു പറയാമോ;

(ബി) ഇവർക്കെതിരെ എന്തെല്ലാം കുറ്റങ്ങളുടെ പേരിലാണ് കേസ്സുകൾ എടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്കെതിരെയുള്ള കേസുകളിന്മേലുള്ള അന്വേഷണവും നിയമ നടപടികളും ഏതു ഘട്ടത്തിലാണെന്ന് പറയാമോ?

ഉത്തരം

(എ) രണ്ട് മന്ത്രിമാർ.

(ബി&സി) (i) ശ്രീ. അടൂർ പ്രകാശ് 2004-05 കാലയളവിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി അനധികൃത മൊത്തവ്യാപാര ഡിപ്പോലൈസൻസ് നൽകുന്നതിന് കൈക്കൂലി ആവശ്യപ്പെട്ടതായ ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 2/2008/എൻ.ആർ.കെ നമ്പരിൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം നടന്നുവരുന്നു.

(ii) ശ്രീ. പി. ജെ. ജോസഫ് എം.എൽ.എ. ആയിരുന്നപ്പോൾ വനം കയ്യേറി എന്ന ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 6/2012/ എൻ.ആർ.കെ. നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 19-3-2015-ൽ കോട്ടയം വിജിലൻസ് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. ഇതിന്മേൽ കോടതി ഉത്തരവ് ലഭിച്ചിട്ടില്ല. കൂടാതെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി അനധികൃതമായി കുടിവെള്ള കണക്ഷൻ നൽകിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. പി. ജെ. ജോസഫിനെതിരെ വി.സി. 7/13/ ടി. എസ്. ആർ. നമ്പരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത. അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് 10-12-2013-ൽ കോടതിയിൽ സമർപ്പിച്ചു. കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല.